Draft #4 of File 21181/AC A8-1/2020/AC A 8 Approved by ASSISTANT REGISTRAR II (ACADEMIC) on 11-Aug-2020 02:37 PM - Page 1

**മഹാത്മാഗാന്ധി സർവ്വകലാശാല, കേരളം**

**<u>സംഗ്രഹം</u>**

ചേർപ്പുങ്കൽ ബിഷപ്പ് വയലിൽ മെമ്മോറിയൽ കോളേജിൽ പരീക്ഷ എഴുതിയ വിദ്യാർത്ഥിനി മാൽപ്രാക്ടീസ് നടത്തിയെന്ന് ആരോപിക്കപ്പെട്ടതും തുടർന്നുണ്ടായ സംഭവങ്ങളും സംബന്ധിച്ച് തുടർ അന്വേഷണം നടത്തുന്നതിന് അന്വേഷണസമിതിയെ നിയമിച്ച് ഉത്തരവ് പുറപ്പെടുവിക്കുന്നു.

---

**അക്കാദമിക് എ 8 സെക്ഷൻ**

നമ്പർ. 3614/AC A 8/2020/എം.ജി.യു      പ്രിയദർശിനി ഹിൽസ്,തീയതി: 11.08.2020

---

*പരാമർശം:*-1,09/06/20-ലെ സർവ്വകലാശാലാ ഉത്തരവ് നമ്പർ 2423/ACA8/2020/എംജിയു
2, വൈസ് ചാൻസിലറുടെ 11/06/20-ലെ കുറിപ്പ് നമ്പർ വിസി/704/2/01/2020

**<u>ഉത്തരവ്</u>**

ചേർപ്പുങ്കൽ ബിഷപ്പ് വയലിൽ മെമ്മോറിയൽ ഹോളിക്രോസ് കോളേജ് പരീക്ഷാ കേന്ദ്രത്തിൽ 06/06/2020-ന് നടന്ന ബികോം മോഡൽ 1 (പ്രൈവറ്റ് രജിസ്ട്രേഷൻ ) 'ജനറൽ എസ്സേ' പരീക്ഷ എഴുതിയ അഞ്ജു പി ഷാജി എന്ന വിദ്യാർത്ഥിനി മാൽപ്രാക്ടീസ് നടത്തിയെന്ന് ആരോപിക്കപ്പെട്ടതിനെക്കുറിച്ചും തുടർന്നുണ്ടായ സംഭവങ്ങളെക്കുറിച്ചും അന്വേഷിച്ച് അടിയന്തിരമായി റിപ്പോർട്ട് നൽകുന്നതിന് സിൻഡിക്കേറ്റ് അംഗങ്ങളായ ഡോ.എം.എസ്.മുരളി, ഡോ.അജി.സി.പണിക്കർ, ശ്രീ.വി.എസ്.പ്രവീൺ കുമാർ എന്നിവരടങ്ങുന്ന അന്വേഷണ സമിതിയെ, വൈസ്ചാൻസിലർ പരാമർശം (1) പ്രകാരം നിയമിച്ച് ഉത്തരവിട്ടിരുന്നു. അന്വേഷണ സമിതി 11/06/20-ൽ ഇടക്കാല അന്വേഷണ റിപ്പോർട്ട് സമർപ്പിച്ചു.

ഇടക്കാല അന്വേഷണ റിപ്പോർട്ടിൻ്റെ അടിസ്ഥാനത്തിൽ പരാമർശം (2) പ്രകാരം പ്രസ്തുത കോളേജ് പരീക്ഷാ കേന്ദ്രത്തിലെ ചീഫ് സൂപ്രണ്ടായിരുന്ന ശ്രീ.ജോസഫ്എ.ൻ.വി-യെ തൽസ്ഥാനത്ത് നിന്നും പരീക്ഷാ ചുമതലകളിൽ നിന്നും ഉടനടി പ്രാബല്യത്തിൽ അന്വേഷണ വിധേയമായി മാറ്റി നിർത്തി. 23/06/20-ൽ സിൻഡിക്കേറ്റിൻ്റെ കാലാവധി അവസാനിക്കുന്നത് വരെയും സിൻഡിക്കേറ്റ് അംഗങ്ങൾ ഉൾപ്പെട്ട അന്വേഷണ സമിതി അന്തിമ അന്വേഷണ റിപ്പോർട്ട് സമർപ്പിച്ചിരുന്നില്ല.

ഈ സാഹചര്യത്തിൽ മേല്പറഞ്ഞ അന്വേഷണ സമിതി പിരിച്ച് വിട്ട് വിഷയത്തെക്കുറിച്ച് തുടരന്വേഷണം നടത്തി അന്തിമ റിപ്പോർട്ട് സമർപ്പിക്കുന്നതിനായി നിലവിലെ സിൻഡിക്കേറ്റ് അംഗങ്ങളായ അഡ്വ:ഷാനവാസ്.പി, ഡോ.ബി.കേരളവർമ്മ, ശ്രീ.ഹരികൃഷ്ണൻ.പി, ഡോ:ഷാജില ബീവി.എസ് എന്നിവർ ഉൾപ്പെടുന്ന അന്വേഷണ സമിതിയെ വൈസ് ചാൻസിലർ, 1985-ലെ മഹാത്മാഗാന്ധി സർവ്വകലാശാലാ നിയമത്തിലെ അദ്ധ്യായം III, വകുപ്പ് 10 (17) പ്രകാരം സിൻഡിക്കേറ്റിന്റെ അധികാരം വിനിയോഗിച്ച്, നിയമിച്ച് ഉത്തരവാകുന്നു. അന്വേഷണ സമിതി ഒരു മാസത്തിനകം അന്തിമ റിപ്പോർട്ട് സമർപ്പിക്കേണ്ടതാണ്.

തദനുസരണം ഉത്തരവ് പുറപ്പെടുവിക്കുന്നു.

ജെസ്സി ജോൺ

അസിസ്റ്റന്റ് രജിസ്ട്രാർ 2 (അക്കാദമിക്)
രജിസ്ട്രാർക്ക് വേണ്ടി

പകർപ്പ്

1, അഡ്വ:ഷാനവാസ്.പി, സിൻഡിക്കേറ്റ് അംഗം
2, ഡോ.ബി.കേരള വർമ്മ, സിൻഡിക്കേറ്റ് അംഗം
3, ഡോ.ഷാജില ബീവി എസ്, സിൻഡിക്കേറ്റ് അംഗം
4, ശ്രീ.ഹരികൃഷ്ണൻ പി, സിൻഡിക്കേറ്റ് അംഗം
5, വിസി/പിവിസി എന്നിവരുടെ പിഎസ്
6, രജിസ്ട്രാറുടെ/പരീക്ഷാ കൺട്രോളറുടെ പിഎ
7, എആർ/ഡിആർ/ജെആർ (അക്കാദമിക്)
8, ഐക്യൂഎസി/സിഎംഎസ്
9, സ്റ്റോക്ക് ഫയൽ

ഉത്തരവിൻ പ്രകാരം

സെക്ഷൻ ഓഫീസർ

മഹാത്മാഗാന്ധി സർവ്വകലാശാല, കേരളം